Deepika 4/5/22

# കാലടിയിൽ ശ്രീ ശങ്കരോത്സവം

കാലടി: ആദിശങ്കര ജന്മദേശ വികസനസമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന ശ്രീ ശങ്കര ജയന്തിയുടെ ഭാഗമായി ശ്രീശങ്കരോത്സവം ആറിനു വൈകുന്നേരം നാലിന് കാലടി ആദിശങ്കര കീർത്തിസ്തംഭ മണ്ഡപത്തിൽ നടക്കും.

ഗോവ ഗവർണർ പി.എസ്. ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്യും. ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ അധ്യക്ഷത വഹിക്കും. കാഞ്ചീമഠാധിപതി സ്വാമി വിജയേന്ദ്രസരസ്വതി ഓൺലൈനായി ശ്രീശങ്കരജയന്തി സന്ദേശം നൽകും. തുടർന്ന് ടൗൺ ചുറ്റിയുള്ള മഹാപരിക്രമ നടക്കും. വിവിധ മഠങ്ങളിലെ സന്യാസി ശ്രേഷ്ഠന്മാരും, സാമൂഹ്യ സാംസ്കാരിക സംഘടനാ പ്രതിനിധികളും പങ്കെടുക്കുന്ന മഹാപരിക്രമ മുതലക്കടവിൽ സമാപിക്കും. തുടർന്ന് നദീപൂജ നടക്കും. രാവിലെ പത്തിന് ശൃംഗേരി ഓഡിറ്റോറിയത്തിൽ സന്യാസി സംഗമം നടക്കുമെന്ന് സമിതി ഭാരവാഹികളായ വി.കെ. വിശ്വനാഥൻ, കെ.പി. ശങ്കരൻ, എസ്. വിജയൻ, ടി.ആർ. മുരളീധരൻ, സി.പി. അപ്പു എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

കൊരട്ടി പൊങ്ങത്തെ നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി ബിരുദ വിദ്യാർഥികൾക്കായി കോഴ്സിന്റെ സമാപന ചടങ്ങിൽ റവ.ഡോ. മാർട്ടിൻ കല്ലുങ്കൽ സർട്ടിഫിക്കറ്റുകൾ കൈമാറുന്നു.

# നൈപുണ്യയിൽ ആരോഹൻ- 2022

അങ്കമാലി: കൊരട്ടി പൊങ്ങത്തെ നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി ബിരുദ വിദ്യാർഥികൾക്കായി കോഴ്സിന്റെ സമാപന ചടങ്ങ് 'ആരോഹൻ 2022'നടത്തി .ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി, ആൻഡ് ഫിലോസഫി വൈസ് പ്രസിഡന്റ് റവ.ഡോ. മാർട്ടിൻ കല്ലുങ്കൽ ഉദ്ഘാടനം ചെയ്തു. എക്സിക്യൂട്ടീവ് ഡയറക്ടറും പ്രിൻസിപ്പലുമായ റവ. ഡോ. കെ.ജെ. പോൾ അധ്യക്ഷത വഹിച്ചു. കാമ്പസ് മാനേജ്മെന്റ് വൈസ് പ്രിൻസിപ്പൽ റോബർട്ട് ഫെർണാണ്ടസ്, അക്കാഡമിക്ക് വൈസ് പ്രിൻസിപ്പൽ തെരേസ പാറക്കൽ എന്നിവർ സംസാരിച്ചു.

മുഴിക്കുളത്ത് നടന്ന കട്ടക്കകത്തുട്ട് ഫാമിലി ട്രസ്റ്റിന്റെ വാർഷിക സമ്മേളനം ഫരീദാബാദ് രൂപതാധ്യക്ഷൻ ആർച്ചുബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര ഉദ്ഘാടനം ചെയ്യുന്നു.

# കട്ടക്കകത്തുട്ട് ഫാമിലി ട്രസ്റ്റ് വാർഷികം

പൊടുമ്പാശേരി : മുഴിക്കുളത്ത് നടന്ന കട്ടക്കകത്തുട്ട് ഫാമിലി ട്രസ്റ്റിന്റെ വാർഷിക സമ്മേളനം ഫരീദാബാദ് രൂപതാധ്യക്ഷൻ ആർച്ച്ബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ നവവൈദികൻ ഫാ. ബോണി കട്ടക്കകത്തൂട്ടിന് സ്വീകരണം നൽകി. പ്രസിഡന്റ് ഫ്രാൻസിസ് കട്ടക്കകത്തുട്ട് അധ്യക്ഷനായി. ഭാരവാഹികളായി ഫ്രാൻസിസ് കട്ടക്കകത്തുട്ട്-പ്രസിഡന്റ്, കെ.വൈ. തോമസ്-സെക്രട്ടറി, കെ.ഒ. വിൽസൺ-ട്രഷറർ എന്നിവരെ തെരഞ്ഞെടുത്തു.

## ഇന്നത്തെ സിനിമ

▶ എറണാകുളം

**EVM കവിത** (4k-7.1): KGF (11.45, 3, 6.15, 9.45).
**സരിത** (DTS): ജന ഗണ മന (12, 3, 6, 9)
**സവിത** (DTS): KGF(T 11.50, 2.50, 6, 9.10)
**സംഗീത** (DTS): ആർ ആർ ആർ ( 11.50, 2.50, 6, 9.10)
**കാനൂസ്** (DTS): KGF (12, 3,7,10).
**പത്മ** (DTS) : സ്ക്രീൻ 1: Kaathuvaakula Rendu Kadhal (T 6.30) KGF (9.30)

▶ മരട്

Neucleus Mall- ജന ഗണ മന( 9.50, 12.55, 3.50, 7.10, 10.15) മക്കൾ(10.30, 1.10,7) KGF(4,9.40)
**തൃപ്പൂണിത്തുറ**
**സെൻട്രൽ:** ജന ഗണ മന( 10.30, 2, 6.30, 10)
KGF (12, 3.30, 7,10.15)
**ന്യൂ സെൻട്രൽ** (Dolly Atmos ): ജന ഗണ മന(11, 9.30)
Kaathuvaakula Rendu Kadhal

മോർണിംഗ്സ്റ്റാർ കോളജിൽ നടക്കുന്ന എംജി യൂണിവേഴ്സിറ്റി വടംവലി കോച്ചിംഗ് എംഎൽഎ സന്ദർശിച്ചപ്പോൾ.

# വടംവലി കോച്ചിംഗ് ക്യാമ്പ് എംഎൽ

അങ്കമാലി: ഈമാസം അഞ്ചു മുതൽ എട്ട് വരെ കണ്ണൂരിൽ നടക്കുന്ന അന്തർ സർവകലാശാല വടംവലി മൽസരത്തിൽ പങ്കെടുക്കുന്ന യൂണിവേഴ്സിറ്റി ടീമിനെ റോജി'എം. ജോൺ എംഎൽഎ സന്ദർശിക്കുകയും എംജി യൂണിവേഴ്സിറ്റിയുടെ ജഴ്സി പ്കാശനം ചെയ്യുകയും ചെയ്തു.

അറുപതു പുരുഷ-വനിതാ കായികതാരങ്ങൾക്കാണ് മോർണിംഗ് സ്റ്റാർ കോളജിൽ ഏപ്രിൽ 22 മുതൽ ആരംഭിച്ച ക്യാമ്പിൽ പരിശീലനം നൽകുന്നത്. കോളജ് പ്രിൻസിപ്പൽ സിസ്റ്റർ ഡോ. എ.വി. റോസിലി, ടഗ് ഓഫ് വാർ

# ആശുപത്രിയിലെ മോഷണം: സെക്യൂരിറ്റി ജീവനക്കാരൻ അറസ്റ്റിൽ

ജയചന്ദ്രൻ നായർ.

ആലുവ: ആശുപത്രിയിൽ മോഷണം നടത്തിയ സെക്യൂരിറ്റി ജീവനക്കാരൻ അറസ്റ്റിൽ. തിരുവനന്തപുരം പാങ്ങോട് മരുതമൺ കുളമാൻകുഴി ജയചന്ദ്രൻ നായരെ (62) യാണ് ആലുവ പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ രണ്ടിന് ആലുവ കാർമൽ ആശുപത്രിയിലാണ് സംഭവം.

കാഷ്വാലിറ്റിയുടെ മുൻവശം കസേരയിൽ വച്ചിരുന്ന രോഗിയുടെ രണ്ടരപ്പവൻ സ്വർണവും 14,500 രൂപയും അടങ്ങിയ കവർ ഇയാൾ മോഷ്ടിക്കുകയായിരുന്നു. എസ്എച്ച്ഒ എൽ. അനിൽകുമാർ, എഎസ്ഐ ടി.എസ്. അരുൺ, സിപിഒമാരായ മാഹിൻ ഷാ അബൂബക്കർ, എൻ.എ. മുഹമ്മദ് അമീർ, കെ.എം. മനോജ്, എച്ച്. ഹാരിസ് തുടങ്ങിയവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.

# വൈദ്യുതി മുടങ്ങും

കൊച്ചി: തോപ്പുംപടി സെക്ഷൻ പരിധിയിൽ തോപ്പുംപടി ഓഫീസ് യാർഡ്, സി.എസ്എസ്, കൊച്ചു പള്ളി റോഡ്, പ്യാരി റോഡ്, തോപ്പുംപടി ബിഒടി പാലം റോഡ് എന്നിവിടങ്ങളിൽ ഇന്നു രാവിലെ ഒമ്പത് മുതൽ വൈകിട്ട് അഞ്ചു വരെ വൈദ്യുതി മുടങ്ങും. തേവക്കൽ സെക്ഷൻ പരിധിയിൽ മിൽമ, ചാക്കോളാസ്, സി.പി. നഗർ, പിച്ചിങ്ങപറമ്പ്, ലക്ഷംവീട് കോളനി, നേതാജി നഗർ, വട്ടേക്കുന്നം, വി.പി. മരക്കാർ റോഡ്, എ.കെ.ജി. ലൈബ്രറി എന്നിവിടങ്ങളിൽ ഇന്നു രാവിലെ ഒമ്പത് മുതൽ വൈകിട്ട് അഞ്ച് വരെ ഭാഗികമായി വൈദ്യുതി മുടങ്ങും.

എരൂർ സെക്ഷൻ പരിധിയിൽ തെറ്റയിൽപീടിക, കണിയാമ്പുഴ പാലം, ശ്വാസ് 1, 2, പുല്ലൻതുരുത്ത് എന്നിവിടങ്ങളിൽ ഇന്നു രാവിലെ ഒമ്പത് മുതൽ വൈകിട്ട് അഞ്ച് വരെ വൈദ്യുതി മുടങ്ങും.

# മെഡിക്കൽ രംഗ ബുദ്ധി: സെമിന

കൊച്ചി: വൈദ്യശാസ്ത്ര രംഗത്ത് നി എന്ന വിഷയത്തിൽ അമൃത ആശു നാർ നടത്തി. അമൃത വിശ്വവിദ്യാപ ഫ് മെഡിക്കൽ റിസർച്ചിന് (ഐസ് ൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സ്റ്റ ണ് സെമിനാർ സംഘടിപ്പിച്ചത്.

ഐസിഎംആർ എൻസിഡി വിഭാ ഗ് ധലിവാൽ, ഐസിഎംആർ-നിംഹ് വർധന് റാവു, അമൃത ആശുപത്രി നായർ, അമൃത വിശ്വ വിദ്യാപീഠം ഷ്, അമൃത സ്കൂൾ ഓഫ് മെഡിസി മർവാ, ന്യൂറോളജി വിഭാഗം മേധാവ ജയ്ദീപ് സി മേനോൻ എന്നിവർ പ്

രണ്ട് ദിവസങ്ങളിലായി നടന്ന ക്ക്,കാൻസർ ചികിത്സാരംഗങ്ങളിൽ യോളജി രംഗത്തും നിർമിത ബുദ്ധി വിഷയങ്ങളിൽ വിദഗ്ധർ സംസാരി ധ വിഷയങ്ങളെപ്പറ്റിയുള്ള പാനൽ ഭാഗങ്ങളിൽ നിന്നുള്ള ഡോക്ടർമാർ

# അഭിനന്ദിക്കാനെത്തിയ വാവാ ആദരിച്ച് ശ്രീമൻ നാരായണൻ

മുഷത്തടത്തെ തന്റെ വീടു സന്ദർശിച്ച വ

ആലുവ: മൻ കി ബാത്തിൽ പ്രധാനമന്ത്രി പ്രശംസിച്ച ശ്രീമൻ നാരായണന് അഭിനന്ദങ്ങളുമായി വാവ സുരേഷ് അദ്ദേഹത്തിന്റെ മുപ്പത്തടത്തുള്ള വീട്ടിലെത്തി. പറവകൾക്ക് ദാഹജലം ഒരുക്കുന്ന പദ്ധതി യടക്കം എല്ലാ പ്രവർത്തനങ്ങളും ചോദിച്ചറിഞ്ഞ സുരേഷ്, ശ്രീമൻ നാരായണൻ ഈശ്വരൻ ഭൂമിയിലേക്കയച്ച ദൂതനാണെന്ന് മാധ്യമ പ്രവർത്തകരോട് പറഞ്ഞു.

രണ്ടു മണിക്കൂറിലേറെ നീണ്ട സൗഹൃദ കൂടിക്കാഴ്ചയ്ക്കിടെ

INSTITUTE OF MANAGEMENT & INFORMATION TECHNOLOGY